പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2748

12.02.2019 -ൽ മറുപടിയ്ക്ക്.

## സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ ട്രേഡ് സർട്ടിഫിക്കറ്റിന് അംഗീകാരം

*ചോദ്യം*

*ഉത്തരം*

ശ്രീമതി ഇ.എസ്.ബിജിമോൾ :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) സർക്കാർ/സ്വകാര്യ ഐ.ടി.ഐ. കളിൽ സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ ട്രേഡിൽ വിജയകരമായി പരിശീലനം പൂർത്തീകരിച്ചവർക്ക് പരിശീലനം സിദ്ധിച്ച മേഖലയിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | (എ) ഉണ്ട്. |
| (ബി) സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, പ്രസ്തുത ട്രേഡിൽ പരിശീലനം ലഭിച്ചവർക്ക് നിയമനം ലഭിക്കേണ്ടതായിട്ടുള്ള തസ്തികകളിലേക്കുള്ള യോഗ്യതയായി പി.എസ്.സി. അംഗീകരിച്ചിട്ടില്ല എന്നുള്ളത് വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | (ബി) ഉണ്ട്. |

| | | |
|---|---|---|
| (സി) പ്രസ്തുത ട്രേഡ് സർട്ടിഫിക്കറ്റിന് അംഗീകാരം ലഭിക്കുന്നതിനും പ്രസ്തുത ട്രേഡിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | (സി) സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് നടത്തിയിരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ് മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകളുടെ സമാന യോഗ്യതയായി പരിഗണിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC), നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ് (NAC) എന്നീ സർട്ടിഫിക്കറ്റുകാർക്കും കൂടി പ്രയോജനപ്പെടുന്ന വിധത്തിൽ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Bindu

സെക്ഷൻ ഓഫീസർ